ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 07.10.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി. ദീർഘദർശിയായ നയങ്ങളിലൂടെ ഇന്ത്യയെ 2047 ഓടെ വികസിത രാഷ്ട്രമാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി. ആശംസകൾ നേർന്ന് ലോകനേതാക്കൾ.

   **Prime Minister Narendra Modi completes 25 years in governance. The Prime Minister stated that India will be transformed into a developed nation by 2047 through visionary policies. World leaders extended their wishes.**

2. 57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ നാളെ ന്യൂഡൽഹിയിൽ ചേരും.

   **The 57th GST Council meeting will be held at Bharat Mandapam in New Delhi tomorrow.**

3. ആരോഗ്യവും ദീർഘായുസ്സും ഒന്നിച്ച് ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യമാതൃക വികസിപ്പിക്കാൻ ഉന്നതതല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സംസ്ഥാന സർക്കാർ

   **The State Government has constituted a high-level task force to develop a comprehensive healthcare model that ensures both health and longevity together.**

4. വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിന് സംസ്ഥാനവ്യാപകമായി ഈ മാസം 15 മുതൽ പ്രത്യേക എൻറോൾമെന്റ് ഡ്രൈവ് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡി സജിത് ബാബു.

**A special enrolment drive for adding names to the voters' list will be conducted statewide starting on the 15th of this month, announced Chief Electoral Officer D. Sajith Babu.**

5. 2026ലെ രസതന്ത്ര നൊബേൽ പുരസ്കാരം സ്വന്തമാക്കി ഹെൻറി ബി കാഗനും കെൻസോ സോയും.

**The 2026 Nobel Prize in Chemistry has been awarded to French chemist Henri B. Kagan and Japanese chemist Kenso Soai for their pioneering discoveries of non-linear effects and autocatalysis in asymmetric organic synthesis.**

6. ജപ്പാനിൽ ഈ മാസം 18 മുതൽ 24 വരെ നടക്കുന്ന -ഏഷ്യൻ പാരാ ഗെയിംസിൻറെ ഉദ്ഘാടന ചടങ്ങിൽ പ്രമോദ് ഭഗത്തും, ഭാവിന പട്ടേലും ഇന്ത്യൻ പതാകയേന്തും.

**Paralympic champions Pramod Bhagat and Bhavina Patel will lead the Indian contingent as flag bearers at the Opening Ceremony of the Asian Para Games, which will be held from 18th to 24th October at Aichi-Nagoya in Japan.**

***************

## PM - VIKSIT BHARAT SANKALP

ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി. ദീർഘദർശിയായ നയങ്ങളിലൂടെയും കഠിനാധ്വാനത്തിലൂടെയും ഇന്ത്യയെ 2047 ഓടെ വികസിത രാഷ്ട്രമാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി ജനങ്ങൾക്ക് ഉറപ്പുനൽകി . ന്യൂഡൽഹിയിൽ 'വികസിത് ഭാരത് സങ്കൽപ് സഭ'യെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 12

വർഷത്തിനിടെ രാജ്യത്തെ സാഹചര്യങ്ങൾ പൂർണമായും മാറിയതായി പറഞ്ഞ പ്രധാനമന്ത്രി കയറ്റുമതിയിലടക്കം രാജ്യം പുതിയ റെക്കോഡുകൾ സൃഷ്ടിച്ചതായും ചൂണ്ടിക്കാട്ടി. കാർഷിക മേഖലയും ഇക്കാലയളവിൽ സുസ്ഥിര വളർച്ചയ്ക്കും പരിഷ്കരണത്തിനും വേദിയായി. ഭീകരതയുടെ ശക്തികേന്ദ്രങ്ങൾ തകർക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായും ശ്രീ മോദി പറഞ്ഞു. ജനങ്ങളുടെ പിന്തുണയും അചഞ്ചലമായ വിശ്വാസവുമാണ് തൻറെ രാഷ്ട്രീയ യാത്രയ്ക്ക് കരുത്തായതെന്നും അദ്ദേഹം വ്യക്തമാക്കി. 2001 ഒക്ടോബർ 7 ന് ശ്രീ നരേന്ദ്രമോദി ഗുജറാത്ത് മുഖ്യമന്ത്രിയായി ചുമതലയേറ്റിട്ട് ഇന്ന് 25 വർഷങ്ങൾ പൂർത്തിയാകുന്നതിൻറെ ഭാഗമായി നടന്ന പരിപാടിയിൽ ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഉൾപ്പെടെ പ്രമുഖർ പങ്കെടുത്തു. സംസ്ഥാനങ്ങളിലും വികസിത് ഭാരത് സങ്കൽപ്പ് സഭയുടെ ഭാഗമായി വിപുലമായ പരിപാടികൾ ഇന്ന് നടന്നു.

***************

## PM- CONGRATS

ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആശംസകൾ നേർന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉൾപ്പെടെ പ്രമുഖർ. വികസനം എന്ന കാഴ്ചപ്പാടിനെ അദ്ദേഹം ദേശീയ ദൗത്യമാക്കി മാറ്റിയതായി ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. ജനക്ഷേമത്തിന് പ്രാധാന്യം നൽകി ഭരണസംവിധാനത്തിന് പുതുദിശയും വേഗവും പകരാൻ ശ്രീ മോദിക്ക് സാധിച്ചതായി ലോക്സഭാ സ്പീക്കർ ഓം ബിർള അഭിപ്രായപ്പെട്ടു. കഠിനാധ്വാനത്തിൻറെയും, നിശ്ചയദാർഢ്യത്തിൻറെയും സേവനയാത്രയായിരുന്നു അദ്ദേഹത്തിൻറേതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അഭിനന്ദന സന്ദേശത്തിൽ കുറിച്ചു.

***************

## PM-25YEARS (INTRO)

ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആശംസകൾ നേർന്ന് ലോകനേതാക്കൾ.

വിശദാംശങ്ങളിലേക്ക്...
(ഹോൾഡ് വോയ്സ്)
*പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തെയും ഇന്ത്യയുടെ വികസനത്തിന് അദ്ദേഹം നൽകിയ സംഭാവനകളെയും ജപ്പാൻ പ്രധാനമന്ത്രി സനായെ തകായ്ച്ചി പ്രശംസിച്ചു. ശ്രീ മോദിയുടെ ഭരണനേട്ടങ്ങൾ അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ സ്ഥാനം ഉയർത്തിയതായും അവർ പറഞ്ഞു.*
*ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ഇന്ത്യയും ബെൽജിയവും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനുള്ള സന്നദ്ധതയും അദ്ദേഹം വ്യക്തമാക്കി. 25 വർഷത്തെ ഭരണനേതൃത്വം അപൂർവ്വമായ നേട്ടമാണെന്ന് നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബു പറഞ്ഞു. ഇത് പ്രധാനമന്ത്രി മോദിയിൽ ഇന്ത്യൻ ജനതയ്ക്കുള്ള വിശ്വാസത്തിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡൊമിനിക്ക പ്രധാനമന്ത്രി റൂസ്‌വെൽറ്റ് സ്കെറിറ്റും പ്രധാനമന്ത്രി മോദിയെ അഭിനന്ദിക്കുകയും ഡൊമിനിക്കയോട് കാണിച്ച സൗഹൃദത്തിന് നന്ദി അറിയിക്കുകയും ചെയ്തു. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ത്യ കൈവരിക്കുന്ന വികസന മുന്നേറ്റങ്ങളെ പ്രശംസിച്ച ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗെ ഇന്ത്യയുടെ വികസന യാത്ര ഭൂട്ടാൻ അടക്കമുള്ള അയൽരാജ്യങ്ങൾക്ക് ഏറെ നിർണായകമാണെന്ന് അഭിപ്രായപ്പെട്ടു.*
*ന്യൂസ് ഡെസ്ക് ആകാശവാണി*

***************

## REV. RBI-25 POINTS

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ 25 ബേസിസ് പോയിൻറിൻറെ വർദ്ധന വരുത്തി റിസർവ് ബാങ്ക്. 2023 ഫെബ്രുവരിക്ക് ശേഷം ഇതാദ്യമായാണ് നിരക്ക് വർദ്ധിപ്പിക്കുന്നത്. റിപ്പോ നിരക്ക് ഇതോടെ 5.5 ശതമാനമായി. ഭവന, വാഹന വായ്പകളുടെ പലിശനിരക്ക് ഇതോടെ വർദ്ധിക്കും. നടപ്പ് സാമ്പത്തിക വർഷത്തിൽ രാജ്യത്തിൻറെ ജിഡിപി വളർച്ച 7.1 ശതമാനമായിരിക്കുമെന്നും ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്ര വ്യക്തമാക്കി.

***************

## GST COUNCIL- MEETING

57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. ജിഎസ് ടി തർക്ക പരിഹാരം, നികുതി വരുമാന വർദ്ധന എന്നിവയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്യും. അഞ്ചിന പരിഷ്കരണ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ യോഗത്തിൽ മുന്നോട്ട് വയ്ക്കുമെന്ന് ധനമന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

***************

## PM – INDIA MOBILE CONGRESS

ഇന്ത്യ മൊബൈൽ കോൺഗ്രസിൻറെ പത്താം പതിപ്പ് നാളെ ന്യൂഡൽഹിയിലെ യശോഭൂമിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. ടെലികമ്മ്യൂണിക്കേഷൻസ്, ഡിജിറ്റൽ കണക്റ്റിവിറ്റി മേഖലകളിൽ ഇന്ത്യ കൈവരിച്ച ശ്രദ്ധേയമായ പുരോഗതി വ്യക്തമാക്കുന്ന നാല് ദിവസത്തെ മേളയിൽ 100-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. മൊബൈൽ കോൺഗ്രസിന് മുന്നോടിയായി, ജി എസ് എം എ ബോർഡ് അംഗങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ സംവദിച്ചു.

***************

## TASK FORCE

ആരോഗ്യവും ദീർഘായുസ്സും ഒന്നിച്ച് ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യമാതൃക വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ ഉന്നതതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. മുഖ്യമന്ത്രി അധ്യക്ഷനും ആരോഗ്യമന്ത്രി ഉപാധ്യക്ഷനുമായ ടാസ്ക് ഫോഴ്സിൽ ആരോഗ്യ വിദഗ്ധർ അംഗങ്ങളാവും. രോഗങ്ങൾ തടയുന്നതിനും, തുടക്കത്തിൽ തന്നെ കണ്ടെത്തി മികച്ച ചികിത്സ ലഭ്യമാക്കി ആരോഗ്യകരമായ വാർധക്യം ഉറപ്പാക്കുന്നതിനുമാണ് സമഗ്ര പദ്ധതി നടപ്പാക്കുന്നത്.

***************

## Enrollment Drive

വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും, തെറ്റുതിരുത്തുന്നതിനുമായി സംസ്ഥാനവ്യാപകമായി പ്രത്യേക

എൻറോൾമെന്റ് ഡ്രൈവ് സംഘടിപ്പിക്കാൻ തീരുമാനിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡി സജിത് ബാബു. ഈ മാസം 15 മുതൽ 31 വരെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഫോം വിതരണവും ഡിജിറ്റൽ ഹെൽപ് ഡെസ്ക്കുകളും പ്രവർത്തിക്കും.

***************

## NOBEL PRIZE-CHEMISTRY

2026ലെ രസതന്ത്ര നൊബേൽ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഫ്രഞ്ച് രസതന്ത്രജ്ഞൻ ഹെൻറി ബി കാഗനും ജാപ്പനീസ് രസതന്ത്രജ്ഞൻ കെൻസോ സോയിയും പുരസ്കാരം പങ്കിടും. അസിമിട്രിക് ഓർഗാനിക് സിന്തസിസുമായുമായി ബന്ധപ്പെട്ട 'നോൺ-ലീനിയർ ഇഫക്റ്റുകളും ഓട്ടോകാറ്റലിസിസും'

കണ്ടെത്തിയതിനാണ് അംഗീകാരം. മരുന്നുകളുടെ നിർമ്മാണത്തിലും ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ള പഠനങ്ങളിലും വിപ്ലവം സൃഷ്ടിക്കാൻ ഈ കണ്ടെ ്ത്തലിലൂടെ സാധിച്ചു. രണ്ട്

തന്മാത്രകൾക്ക് പ്രതിബിംബ സമാന ഘടന എങ്ങനെയുണ്ടാകുന്നു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനും ഇരുവരുടെ ഗവേഷണത്തിലൂടെ കഴിഞ്ഞു.

***************

## COTTON DAY- GIRIRAJ(INTRO)

ലോക പരുത്തി ദിനത്തോടനുബന്ധിച്ച് കർഷകർക്ക് ആശംസകൾ നേർന്ന് കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിംഗ്. രാജ്യത്ത് 60 ലക്ഷം കർഷകർ പരുത്തി കൃഷി ചെയ്യുന്നതായും, എണ്ണമറ്റ ചെറുകിട സംരംഭങ്ങൾ കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

***************

## FUR. REV. RAHUL FIR AKASHVANI

പ്രതിഷേധ മാർച്ചിനിടെ ഇന്നലെ ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ അതിക്രമിച്ചു കയറിയതിന്, കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധിക്കും പ്രിയങ്ക ഗാന്ധിയ്ക്കുമെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് ഡൽഹി പൊലീസ്. പാർലമെൻറ് സ്ട്രീറ്റ് പൊലീസ് സ്റ്റേഷനിലാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

***************

## ASIAD-PARA-FLAGBEARER

ജപ്പാനിലെ ഐച്ചി-നഗോയയിൽ ഈ മാസം 18 മുതൽ 24 വരെ നടക്കുന്ന ഏഷ്യൻ പാരാ ഗെയിംസിൻറെ ഉദ്ഘാടന ചടങ്ങിൽ പാരാലിമ്പിക്സ് ചാമ്പ്യൻമാരായ പ്രമോദ് ഭഗത്തും, ഭാവിന പട്ടേലും ഇന്ത്യൻ പതാകയേന്തും. ഗെയിംസിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങൾക്ക് പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യ നാളെ ഔദ്യോഗിക യാത്രയയപ്പ് നൽകും. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ, സഹമന്ത്രി രക്ഷ ഖഡ്സേ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

***************

## INDIA-OLYMPICS

2036 ലെ ഒളിമ്പിക്സ്, പാരാലിമ്പിക്സ് മത്സരങ്ങൾക്ക് വേദിയാകാനുള്ള ഇന്ത്യയുടെ അപേക്ഷ ഈ മാസം അവസാനം അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ 'ഫ്യൂച്ചർ ഹോസ്റ്റ് കമ്മിഷന്' മുന്നിൽ സമർപ്പിക്കും. ഗുജറാത്തിലെ അഹമ്മദാബാദ് ആണ് ഇന്ത്യ വേദിയായി നിർദ്ദേശിച്ചിരിക്കുന്നത്. ഇന്ത്യയ്ക്കു പുറമേ ജർമ്മനി, ഖത്തർ, തുർക്കി, ഹംഗറി, ദക്ഷിണ കൊറിയ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളേയും ഐ.ഒ.സി ക്ഷണിച്ചിട്ടുണ്ട്.

***************

## ANNPURNA - WOMEN SAFETY

രാജ്യത്തിന്റെ വികസന യാത്രയ്ക്ക് രൂപം നൽകുന്നതിൽ സ്ത്രീകൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി. ന്യൂഡൽഹിയിൽ നടന്ന പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. രാജ്യത്തെ സ്ത്രീകൾ ശാക്തീകരിക്കപ്പെടുകയും സുരക്ഷിതരാകുകയും ചെയ്യുമ്പോൾ മാത്രമേ വികസിത ഇന്ത്യ എന്ന ലക്ഷ്യം യാഥാർത്ഥ്യമാകൂ എന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

***************

## S. Jaishankar

ഇന്ത്യ-ആഫ്രിക്ക പങ്കാളിത്തം വരും തലമുറകൾക്ക് കൂടി വേണ്ടിയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഫോറിൻ

സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഘാനയിൽ നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെയും ആഫ്രിക്കയിലെയും യുവജനങ്ങളെ ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കേന്ദ്രമന്ത്രി വിശദീകരിച്ചു.

***************

## MOSPI – STRATEGY

രാജ്യത്തെ പാരിസ്ഥിതിക സാമ്പത്തിക വളർച്ച കൂടുതൽ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി, പുതിയ മാർഗ്ഗ രേഖ പുറത്തിറക്കി കേന്ദ്രസർക്കാർ. 2022-26 കാലയളവിലെ മാർഗരേഖയുടെ തുടർച്ചയായാണിത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട കണക്കെടുപ്പ് രാജ്യത്ത് ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സ്ഥിതിവിവര മന്ത്രാലയം അറിയിച്ചു.

***************

**********

****